# ‘സ്തോത്രയാഗങ്ങളെ അർപ്പിക്കുക’

കൊലൊസ്യർ 3:17

‘‘വാക്കിനാലോ ക്രിയയാലോ എന്തു ചെയ്താലും സകലവും കർത്താവായ യേശുവിന്റെ നാമത്തിൽ ചെയ്തും അവൻ മുഖാന്തരം പിതാവായ ദൈവത്തിനു സ്തോത്രം പറഞ്ഞും കൊണ്ടിരിപ്പിൻ.’’

പലപ്പോഴും ദൈവത്തിൽനിന്ന് അനുഗ്രഹങ്ങൾ പ്രാപിച്ചതിനുശേഷവും നാം അവൻ ആഗ്രഹിക്കുന്ന രീതിയിൽ സ്തുതിസ്തോത്രയാഗങ്ങളെ അർപ്പിക്കുവാൻ മടി കാണിക്കുന്നവരാണ്. ആത്മീയജീവിതം നയിക്കുന്നുവെന്ന് അഭിമാനിക്കുന്ന അനേകരുടെ വാക്കുകളും പ്രവൃത്തികളും യേശുവിനോട് അണുബന്ധം പോലും പുലർത്തുന്നവയല്ല. യേശുവിനെപ്പോലെ പരമാർത്ഥതയോടെ സംസാരിക്കുവാനും പ്രവർത്തിക്കുവാനും കഴിയണമെങ്കിൽ നാം പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടണം. അപ്പോൾ നമ്മുടെ ജീവിതത്തിന്റെ കാര്യസ്ഥനായ പരിശുദ്ധാത്മാവ് സകല സത്യത്തിലും നമ്മെ വഴി നടത്തും. അങ്ങനെ യേശുവിന്റെ മനസോടുകൂടി പ്രവർത്തിക്കുന്നതോടൊപ്പം, പിതാവായ ദൈവത്തിന് സ്തോത്രം പറഞ്ഞുകൊണ്ടിരിപ്പിൻ എന്നുകൂടി അപ്പോസ്തലൻ നമ്മെ ഓർമിപ്പിക്കുന്നു.

സന്തോഷത്തിലും, സന്താപത്തിലും ജീവിതത്തിന്റെ കൈപ്പേറിയ അനുഭവങ്ങളിലും മാധുര്യം തുളുമ്പുന്ന അവസ്ഥയിലും എല്ലാം നമ്മെ പോറ്റിപുലർത്തുന്ന കാരുണ്യവാനായ ദൈവത്തോടുള്ള സ്തോത്രങ്ങളും സ്തുതികളും നമ്മിൽനിന്നും ഉയരണം. ദൈവപുത്രനായിരിക്കത്തന്നെ താൻ പിതാവായ ദൈവത്തെ സ്തോത്രം ചെയ്യുന്നത് കർത്താവിന്റെ ഇഹലോകജീവിതത്തിൽനിന്നും നമുക്ക് വ്യക്തമാണ്. നമ്മെ സൃഷ്ടിച്ച്, ഇന്നയോളം പോറ്റി പുലർത്തിയ സർവശക്തനായ സർവവ്യാപിയായ ദൈവത്തിന് എന്നും എപ്പോഴും എവിടെയും വെറും മണ്ണ് മാത്രമായ നമുക്ക് സ്തോത്രങ്ങൾ അല്ലാതെ കൊടുക്കുവാൻ മറ്റെന്തുണ്ട്.

നിരന്തര സ്തോത്രങ്ങൾ ഉയരുന്ന നാവിൽനിന്നും യേശുവിനെ വേദനിപ്പിക്കുന്ന വാക്കുകൾ പുറപ്പെടുകയില്ല. അവരുടെ കരങ്ങളുടെ പ്രവൃത്തികൾ ഒക്കെയും യേശുവിനെ സന്തോഷിപ്പിക്കുന്നവയായിരിക്കും. ഈ യേശു ജീവിക്കുന്നത് എന്റെ ഹൃദയത്തിലാണെന്ന ബോധ്യം ആകും അവരെ ഭരിക്കുന്നത്.

നമ്മുടെ വായിലെ വാക്കുകൾ അവനു പ്രസാദകരമാണോ? അവന്റെ നാമത്തിൽ നാം ചെയ്യുന്ന പ്രവൃത്തികൾ അവന് അപമാനം വരുത്തുന്നതാണോ? അനുദിനം എത്രപ്രാവശ്യം അവനു സ്തോത്രം ചെയ്‌വാൻ നമുക്ക് കഴിയുന്നുണ്ട്? ഈ ചിന്ത നമ്മുടെ ഹൃദയത്തിലേക്ക് ആഴ്ന്നിറങ്ങട്ടെ. എങ്കിൽ നാം ആയിരിക്കുന്ന ഈ നിമിഷംപോലും തന്റെ അഗാധസ്നേഹത്താൽ കർത്താവ് നമുക്ക് തന്നതാണെന്ന് നാം ഓർമിക്കും. കർത്താവു അനുഗ്രഹിക്കട്ടെ.

പരാമർശം :

സങ്കീർത്തനങ്ങൾ 147:7

സ്തോത്രത്തോടെ യഹോവേക്കു പാടുവിൻ; കിന്നരത്തോടെ നമ്മുടെ ദൈവത്തിന്നു കീർത്തനം ചെയ്‌വിൻ.

സിസ്റ്റർ ജെയ്മി ബിജു കോതമംഗലം 03